(ഡി) സംസ്ഥാന തലത്തിലും നഗരതലത്തിലും മിഷൻ മാനേജ്മെന്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. താൽപ്പര്യം പ്രകടിപ്പിച്ച നഗരസഭകൾക്ക് സാമൂഹ്യ പാർപ്പിടങ്ങൾ പണിയുന്നതിനുള്ള പദ്ധതികൾക്ക് അംഗീകാരം നൽകി ഒന്നാംഗഡു നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ മറ്റെല്ലാ ഘടകങ്ങളുടെയും പ്രവർത്തനം അതിവേഗം പുരോഗമിച്ചുവരുന്നു.

നഗരസഭാ ജീവനക്കാർക്ക് പി.എഫ്. ക്രെഡിറ്റ് കാർഡ്

108 (4143) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ ജീവനക്കാർക്ക് പി.എഫ്. ക്രെഡിറ്റ് കാർഡ് (Municipal Common Service) നൽകിയതിന്റെ വിശദാംശങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തിരിച്ച് നൽകുമോ ;

(ബി) പി.എഫ്. ക്രെഡിറ്റ് കാർഡ് നൽകുന്നതിനും പി.എഫ്. ഇക എൻട്രി വരുത്തുന്നതിനും IKM (Information Kerala Mission) പുതിയ സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്തിട്ടുണ്ടോ ; ഇതിനു വരുന്ന കാലതാമസം വ്യക്തമാക്കാമോ ; ഇതിന്റെ പൂർത്തീകരണം എന്ന് നടക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ നഗരസഭകളിലെ റഹലർ വിഭാഗം ജീവനക്കാർക്ക് ക്രെഡിറ്റ് കാർഡ് വിതരണം നടത്തിയിട്ടില്ല. 28 നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് വിവിധ വർഷങ്ങളിലായി ക്രെഡിറ്റ്കാർഡ് നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വിശദവിവരം IKM-ൽ നിന്ന് ശേഖരിച്ചു നൽകുന്നതാണ്.

നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ

109 (4144) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) നഗരങ്ങളെ മാലിന്യവിമുക്തമാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മപദ്ധതികൾ വിശദമാക്കാമോ ;

(ബി) നഗരങ്ങളെ മാലിന്യ വിമുക്തമാക്കുന്നതിനായി രൂപീകരിച്ച കമ്പനി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മപദ്ധതികൾ ചുവടെപ്പറയുംപ്രകാരമാണ് :

1. ഉറവിട മാലിന്യ സംസ്കരണം
2. പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കലും നിലവിലുള്ള പ്ലാന്റുകളുടെ ആധുനികവത്കരണവും
3. ആധുനിക അറവുശാല നിർമ്മാണം
4. വിവരവിജ്ഞാന വ്യാപന പ്രവർത്തനവും ശേഷീവികസനവും
5. നഗരസഭകളിലെ ദ്രവമാലിന്യ സംസ്കരണം
6. പ്രീ-മൺസൂൺ ക്ലീനിംഗ് ആക്ടിവിറ്റി
7. പൊതുസ്ഥലങ്ങളിൽ സാനിട്ടറി കോംപ്ലക്സുകൾ
8. പ്രകൃതി സൗഹൃദ വസ്തുനിർമ്മാണ യൂണിറ്റുകൾക്ക് പ്രോത്സാഹനം
9. എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ ഉത്തരവാദിത്വ പ്രോത്സാഹനം

(ബി) താഴെപ്പറയുന്ന പദ്ധതികളാണ് ക്ലീൻകേരള കമ്പനി ലിമിറ്റഡ് വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് :

1. എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ
2. കൊച്ചി കോർപ്പറേഷനിൽ ബ്രഹ്മപുരത്ത് പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റ്
3. പി.ഡബ്ല്യു.ഡി-യുമായി സഹകരിച്ച് പ്ലാസ്റ്റിക് ചിപ്പുകൾ ഉപയോഗപ്പെടുത്തി റോഡുകളുടെ ടാറിംഗ്

LIBRARY ARCHIVES Kerala Legislative Assembly

4. ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിച്ച് കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷ്യപത്രമുള്ള റീ-സൈക്ലിംഗ് ഏജൻസികളിലൂടെ നിർമ്മാർജ്ജനം ചെയ്യുക

5. മാലിന്യ സംസ്കരണത്തിന് നൂതന സാങ്കേതിക വിദ്യയായ പ്ലാസ്മാ ഗ്യാസിഫിക്കേഷൻ ഉപയോഗിച്ചുള്ള പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്ന പദ്ധതി

6. പ്രതിദിനം 50 ടൺ വരെ മാലിന്യങ്ങൾ ഉണ്ടാകുന്ന നഗരങ്ങളിൽ സി.എൻ.ജി. (കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ്) ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിച്ച് ബയോഗ്യാസ് സിലിണ്ടറുകളിൽ ശേഖരിച്ച് ഗാർഹിക-വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്ന പദ്ധതി

7. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുക

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ വിവിധ തലങ്ങളിൽ അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

നഗരങ്ങൾ സ്മാർട്ടാക്കുന്ന കേന്ദ്ര പദ്ധതി

110 (4145) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ ആവിഷ്കരിക്കുന്ന നഗരങ്ങൾ സ്മാർട്ടാക്കുന്ന പദ്ധതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട നഗരങ്ങളെ സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

(സി) പദ്ധതിയിൽ സംസ്ഥാനത്തെ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly